





## നടുവട്ടം വി.എച്ച്.എസ്.എസ്.
## പള്ളിപ്പാട്














हिन्दी

# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025 – 26







# ആമുഖം

സമഗ്ര ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ്. വിദ്യാഭ്യാസ അവകാശ നിയമം അത് അടിവരയിട്ട് പറയുന്നുണ്ട്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയ്ക്ക് ലഭ്യമാകണമെങ്കിൽ വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രമായി മാറ്റപ്പെടണം. കരിക്കുലം വിഭാവനം ചെയ്യുന്ന അവസരത്തിൽ കുട്ടിയുടെ പ്രായത്തിനനുസരിച്ച് അവരെ അറിവും കഴിവുമുള്ളവരാക്കി മാറ്റുകയും ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കുകയും വേണം. ഇത് സാധ്യമാകണമെന്നുണ്ടെങ്കിൽ എത്തിച്ചേരേണ്ട ലക്ഷ്യങ്ങളെക്കുറിച്ചുള്ള ആസൂത്രണം ആവശ്യമായി വരുന്നു. ഇതിലൂടെ മാത്രമേ കുട്ടിയുടെ സവിശേഷ കഴിവുകളും പരമിതികളും തിരിച്ചറിയാനും പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്താനും തുല്യാവസരങ്ങൾ ഉറപ്പാക്കാനും കഴിയുകയുള്ളൂ. ഇങ്ങനെ, ഒരു വിദ്യാലയത്തിലെ മുഴുവൻ കുട്ടികളുടേയും വളർച്ചയെ ലക്ഷ്യമാക്കികൊണ്ട് തയ്യാറാക്കിയിരിക്കുന്ന ആസൂത്രണ രേഖയാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ. യു.പി., ഹൈസ്കൂൾ വിഭാഗങ്ങളിലായി തയ്യാറാക്കിയിരിക്കുന്ന ഈ ആസൂത്രണ രേഖയിലൂടെ കുട്ടികളുടെ സമഗ്രമായ വളർച്ചയെയാണ് വിഭാവനം ചെയ്യുന്നത്. ഓരോ കുട്ടിയെയും പ്രത്യേകം പരിഗണിച്ചുകൊണ്ട് അവരുടെ പരമിതികളും നേട്ടങ്ങളും മനസ്സിലാക്കി അവർക്ക് ആവശ്യമായ കൈത്താങ്ങു നൽകി അവരുടെ പരിമിതികളെ മറികടക്കാനും കഴിവുകളെ പ്രോത്സാഹിപ്പിക്കാനുമുള്ള അവസരം ഇതിലൂടെ ലഭ്യമാകും എന്നാണ് ഞങ്ങൾ പ്രതീക്ഷിയ്ക്കുന്നത്.

നിരവധി വെല്ലുവിളികൾ നമ്മുടെ കുട്ടികൾ ഇന്നു നേരിടുന്നുണ്ട്. ഭാഷാപരമായ പ്രയോഗസാദ്ധ്യതകളെ പരമാവധി ലഭ്യമാക്കാനുള്ള അവസരങ്ങൾ ക്ലാസ്മുറികളിലും വിദ്യാലയത്തിലും സൃഷ്ടിക്കുന്നതിനുള്ള സവിശേഷമായ സാഹചര്യങ്ങൾ രൂപപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ ഞങ്ങൾ ഇതിലൂടെ മുന്നോട്ട് വയ്ക്കുന്നു. ഗണിതം പോലെ കുട്ടികൾക്ക് ദുർഗ്രാഹ്യമെന്നു കരുതുന്നവയെ ശിശുകേന്ദ്രീകൃതമായ സമീപനങ്ങളിലൂടെ ക്ലാസ്സ് അന്തരീക്ഷത്തിൽ ലളിതമായി അവതരിപ്പിക്കാനുള്ള സാധ്യതകൾ കണ്ടെത്താനും, പ്രശ്നനിർദ്ധാരണത്തിനുള്ള വിവിധ മാർഗ്ഗങ്ങൾ കുട്ടികളെ പരി

ചയപ്പെടുത്താനും കഴിയുമെന്ന കാഴ്ചപ്പാടാണ് ഗണിതവുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ളത്. പ്രവർത്തനാധിഷ്ഠിതവും അന്വേഷണാത്മകവുമായ ബോധന രീതികളിലൂടെ ആശയഗ്രഹണത്തിനുള്ള അവസരങ്ങൾ സൃഷ്ടിക്കുക എന്നതാണ് ശാസ്ത്രപഠനത്തിൽ ഞങ്ങൾ മുന്നോട്ടുവെയ്ക്കുന്ന സമീപനം. കുട്ടികൾ സമൂഹത്തെ അറിഞ്ഞു പഠിക്കുന്നതിനു രാജ്യത്തിന്റെ ഭൂതകാലത്തെക്കുറിച്ചും, വർത്തമാനകാലത്തിലൂടെയുള്ള പ്രയാണത്തിൽ കഴിഞ്ഞകാല സംഭാവനകളുടെ പ്രശസ്തിയും, പൗരധർമ്മം പഠിക്കുന്നതിലൂടെ നേടേണ്ട പൗരബോധത്തെക്കുറിച്ചും സുവ്യക്തമായ ധാരണയുണ്ടാകുന്നതിനുള്ള പഠന പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകാനാണ് സാമൂഹ്യശാസ്ത്രത്തിലൂടെ ഞങ്ങൾ ലക്ഷ്യം വെയ്ക്കുന്നത്. കലാ-കായിക മേഖലകളിൽ കുട്ടികളുടെ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകാൻ കലാ-കായിക പ്രവർത്തനങ്ങളുടെ ആസൂത്രണത്തിലൂടെ ശ്രമിച്ചിട്ടുണ്ട്. ഐ.ടി. ഒരു പാഠ്യവിഷയമായി വിദ്യാലയങ്ങളിൽ പഠിപ്പിക്കുന്നതിന്റെ വിവരസാങ്കേതിക രംഗത്തുണ്ടാകുന്ന പുരോഗതിയ്ക്കനുസരിച്ച് കുട്ടികളെ തയ്യാറാക്കുന്നതിനും പരിശീലിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനും ഐ.സി.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് ക്ലാസ്റൂം പ്രവർത്തനങ്ങളെ ശാസ്ത്രീകരിക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിനുള്ള അവസരങ്ങൾ അക്കാദമിക് മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്താനായിട്ടുണ്ട്.

ഈ വിദ്യാലയത്തിൽ പഠിക്കുന്ന ഓരോ കുട്ടിയെയും പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ ഏറ്റവും മികച്ചവരാക്കി വളർത്തിക്കൊണ്ടുവരുന്നതിനും, അവരുടെ പരിമിതികളേയും നേട്ടങ്ങളേയും പരിഗണിച്ചുകൊണ്ട് അവർക്ക് കൈത്താങ്ങായി മാറാനുള്ള കൂട്ടായശ്രമം എന്ന നിലയിലാണ് ഞങ്ങൾ അക്കാദമിക് മാസ്റ്റർ പ്ലാനിനെ കാണുന്നത്. ഇത് ഫലപ്രദമായി നടപ്പാക്കുന്നതിൽ എല്ലാ രക്ഷിതാക്കളുടേയും കുട്ടികളുടേയും അദ്ധ്യാപക-രക്ഷകർത്തൃ സമിതികളുടെയും മാനേജ്മെന്റിന്റെയും സഹകരണം പ്രതീക്ഷിക്കുന്നു.

.

# ഉള്ളടക്കം


| | |
|---|---|
| | പേജ് നമ്പർ |
| **1. യു. പി. വിഭാഗം** | |
| 1. മലയാളം | 1 |
| 2. ഹിന്ദി | 4 |
| 3. ഇംഗ്ലീഷ് | 6 |
| 4. ഗണിതം | 9 |
| 5. സോഷ്യൽ സയൻസ് | 12 |
| 6. അടിസ്ഥാനശാസ്ത്രം | 15 |
| 7. ആരോഗ്യകായിക വിദ്യാഭ്യാസം | 18 |
| 8. സംസ്കൃതം | 20 |
| **2. ഹൈസ്കൂൾ വിഭാഗം** | |
| 1. മലയാളം | 24 |
| 2. ഹിന്ദി | 27 |
| 3. ഇംഗ്ലീഷ് | 31 |
| 4. ഗണിതം | 33 |
| 5. സോഷ്യൽ സയൻസ് | 36 |
| 6. ഫിസിക്കൽ സയൻസ് | 39 |
| 7. ജീവശാസ്ത്രം | 41 |
| 8. ഐ.ടി. | 46 |

# യു. പി. വിഭാഗം

വിദ്യാലയത്തിന്റെ പേര് : നടുവട്ടം വി.എച്ച്.എസ്.എസ്.

വിദ്യാഭ്യാസ ഉപജില്ല : ഹരിപ്പാട്

അദ്ധ്യായന വർഷം : 2025-26

അക്കാദമിക മാസ്റ്റർ പ്ലാൻ : **മലയാളം (യു.പി.)**

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | ഭാഷയുടെ അടിസ്ഥാനശേഷി വികസനം, ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | ● എന്റെ അവധിക്കാലം:<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു | ജൂൺ മാസം | മലയാളം അദ്ധ്യാപകർ | |
| | | ● ഭാഷാകേളി:<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു | ജൂൺ മാസം | മലയാളം അദ്ധ്യാപകർ | |
| | | ● വാക്കുകളിൽ നിന്നു വാക്യത്തിലേക്ക്:<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | ജൂൺ മാസം | മലയാളം അദ്ധ്യാപകർ | |

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 2. | പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക | • വാർത്താലോകത്തേക്ക്: പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാ ദിവസവും | മലയാളം അദ്ധ്യാപകർ | |
| 3. | മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മക ശേഷി വളർത്തലും | • ഇ-കമ്പ്യൂട്ടറിംഗ്: മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ-മാഗസീൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു | രണ്ട് വർഷം | മലയാളം ഐ.ടി. അദ്ധ്യാപകർ | മലയാളം ക്ലബ് |
| | | • മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു | വർഷാവസാനം | മലയാളം അദ്ധ്യാപകർ | |
| 4. | പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | • രംഗാവിഷ്ക്കാരം: പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘുനാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു | അക്കാദമിക വർഷം | പി.ടി.എ. സ്കൂൾ | PTA സ്കൂൾ |

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 5. | വായന പ്രോത്സാഹിപ്പിക്കുക | ● ഒരു കുട്ടിയും വായിച്ച പുസ്തകത്തിന്റെ വായനക്കുറിപ്പും, ആസ്വാദനക്കുറിപ്പും തയ്യാറാക്കുക. | ഒരു വർഷം | മലയാളം ക്ലബ് | |
| 6. | അറിവ് വർധന ഓർമ്മ വർധന | ● മലയാള സാഹിത്യത്തിലെ കാവ്യങ്ങൾ വായിക്കുകയും ഹൃദ്യസ്ഥമാക്കുകയും ചെയ്യുന്നു | അക്കാദമിക വർഷം | മലയാളം അദ്ധ്യാപകർ | |

വിദ്യാലയത്തിന്റെ പേര് : നടുവട്ടം വി.എച്ച്.എസ്.എസ്.

വിദ്യാഭ്യാസ ഉപജില്ല : ഹരിപ്പാട്

അദ്ധ്യായന വർഷം : 2025-26

അക്കാദമിക മാസ്റ്റർ പ്ലാൻ : **ഹിന്ദി (യു.പി.)**

പൊതുവായ ലക്ഷ്യങ്ങൾ:

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
- ഹിന്ദി ഭാഷാപഠനം ലളിതവും രസകരവും ആകർഷകവുമാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുക
- ഹിന്ദി ഭാഷാപഠനത്തിലൂടെ കുട്ടികളുടെ ഭാഷാസ്നേഹവും ദേശസ്നേഹവു വളർത്തിയെടുക്കുക.

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | യു.പി. തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും ആശയങ്ങളും ഉറപ്പിക്കൽ | • അക്ഷര എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷരങ്ങൾ, വാക്കുകൾ എഴുതിയ കാർഡ്<br>• ക്ലാസ്സിൽ അക്ഷരമാല പ്രദർശനം<br>• ഓൺലൈൻ അക്ഷരമാല കളികൾ<br>• വാക്കുകൾ എഴുതിയ കാർഡുകൾ<br>• വാക്കുകൾ നിർമ്മാണം<br>• വാക്യങ്ങൾ നിർമ്മാണം | ജൂൺ മുതൽ ആഗസ്റ്റ് വരെ | അക്ഷരചാർട്ട്<br>പാഠപുസ്തകം | BRC, DIET, ആവശ്യമെങ്കിൽ Resource Teacher |

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- | --- |
| | | • പിന്നാക്കാവസ്ഥയിലുള്ള കുട്ടികളെ Pre Test നടത്തി ഈ പ്രവർത്തനങ്ങൾ നടപ്പാക്കാം | | | |
| 2. | വീട് ഒരു പരീക്ഷണശാല (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായി വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക) | • വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പടെയുള്ള വാക്കുകളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക<br>• I.C.T. സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കുന്നതിനുള്ള അവസരം<br>• CWSN കുട്ടികളുടെ പങ്കാളിത്തം | സെപ്റ്റംബർ മുതൽ ഒക്ടോബർ വരെ | ഹിന്ദി നിഘണ്ടു | P.T.A.<br>BRC<br>Resource Teacher |
| 3. | ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കുവാനും സർഗാത്മക രചനകൾ വികസിപ്പിക്കുവാനുമുള്ള അവസരം<br>(Sureeli Hindi) | • ഹിന്ദി അസംബ്ലി<br>• ദിനാചരണങ്ങൾ പ്രത്യേകിച്ച് സെപ്റ്റബർ 14 മുതൽ ജനുവരി 10 വരെ<br>• ക്ലാസ്സ് അസംബ്ലി<br>• അധികവായന സാമഗ്രികൾ<br>• ചിത്ര സഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ<br>• അടിക്കുറുപ്പ്<br>• കഥ പറയൽ, കഥ എഴുതൽ<br>• വായനാമൂല<br>• ക്ലബ് പ്രവർത്തനങ്ങൾ | നവംബർ മുതൽ ഫെബ്രുവരി വരെ | പുസ്തകങ്ങൾ | P.T.A.<br>DIET<br>BRC |

Name of the Institution : Naduvattom V.H.S.S.

Educational Sub-district : Haripad

Academic Year : 2025-26

Academic Masterplan : **English (U.P.)**

| No. | Aim | Activities | Time |
|---|---|---|---|
| 1. | Encourage proper reading skills | • I too can:<br>Give reading cards and encourage proper reading | Each unit |
| | | • Reader of the mouth:<br>Give opportunity to read English newspaper and select the best reader | Every month |
| 2. | Make the learners confident enough to listen and converse in English | • Lend your ear:<br>Give opportunity to hear simple and interesting talks. Ask questions and encourage them to give correct answers. | July |
| | | • Follow me if you can:<br>Ask them to follow the given instructions. | June |

| No. | Aim | Activities | Time |
| --- | --- | --- | --- |
| | | • Breaking News:<br>Ask them to listen to English news; follow correct pronounciation | November |
| | | • Missing man:<br>Record the conversation; learner and teacher and play it in class. Then ask learners to handle the teacher's role | June |
| | | • Treasure hunt make: :<br>Different cards and write the name of different objects. Ask the learner to take one card and speak about it | August |
| | | • Meet a foreigner:<br>Give an opportunity to talk with a native English speaker | Once in an academic year |
| 3. | Encourage to write correct English | • My droplets:<br>Ask them to find my words or difficult words and their meaning and make my dictionary | Year ending |
| | | • Alert zone:<br>Make posters, signboards, notice and paste it in school and class | On important days and functions |

| No. | Aim | Activities | Time |
| --- | --- | --- | --- |
| 4. | Encourage to use English confidently | • Dictation:<br>Conduct dictation and find out the top scorer<br><br>• Fun Time:<br>Present riddles, tongue twisters in class<br><br>• English camp:<br>Create English atmosphere. All students and teachers converse only in English<br><br>• Conduct Role play:<br>Conduct speech competition, recitation competition | End of the lesson<br><br>Free Time<br><br>End of the academic year |

വിദ്യാലയത്തിന്റെ പേര് : നടുവട്ടം വി.എച്ച്.എസ്.എസ്.

വിദ്യാഭ്യാസ ഉപജില്ല : ഹരിപ്പാട്

അദ്ധ്യായന വർഷം : 2025-26

അക്കാദമിക മാസ്റ്റർ പ്ലാൻ : **ഗണിതം (യു.പി.)**

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു | • ഗണിതശിൽപ്പശാല:<br>കളിരീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർ കാർഡ്, അബാസ്കസ്, ഫ്ളാഷ് കാർഡ് ഉപയോഗിക്കുന്നു) | ജൂൺ മാസം | ഗണിത അദ്ധ്യാപകൻ | |
| 2. | രസകരമായ ഗണിതശാസ്ത്ര പഠനവും കരചലനശേഷിക ളുടെ വികാസവും | • ഒറിഗാമി ശിൽപ്പശാല:<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിത ശേഷികൾ, കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ, വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിതസവിശേഷതകൾ, പട്ടിക പ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അദ്ധ്യാപകൻ | |
| 3. | ഗണിതം മധുരമാക്കൽ | • ഗണിത മാഗസിൻ:<br>ജ്യാമീതിയ രൂപങ്ങൾ, ഗണിതകഥകൾ, ഗണിത | ഒരു പ്രാവശ്യം | ഗണിത ക്ലബ് | ഗണിത ക്ലബ് |

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| | | കവിതകൾ തുടങ്ങിയവ ഉൾപ്പെടുത്തി ഗണിത മാഗസിൻ തയ്യാറാക്കി | | | |
| 4. | ഗണിത മേഖലയിൽ കുട്ടികളുടെ താൽപ്പര്യം വർധിപ്പിക്കൽ | ● ഗണിതഗ്രാമം:<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അദ്ധ്യാപകർ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപ്പ ര്യം ഉണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു | വർഷത്തിൽ ഒരു തവണ | ഗണിത അദ്ധ്യാപകർ ഗണിത ക്ലബ്ബ് ലീഡർ | |
| 5. | ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | ● ഐ.ടി.:<br>സാധ്യതകളിലൂടെ: ജ്യാമീതിയ രൂപങ്ങൾ ചതുഷ്ക്രിയകൾ, ജിയോജിബ്ര ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോ ഗപ്പെടുത്തികൊണ്ട് കുട്ടികൾക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അദ്ധ്യാപകർ | |
| 6. | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു | ● ഗണിത ക്ലിനിക്ക്:<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടിക ളെ കണ്ടെത്തി ഗണിത അദ്ധ്യാപകരും മുൻ നിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗനിർദേശങ്ങൾ നൽകുന്നു. പോരായ്മകൾ | ഒന്നിടവിട്ട ദിവ സങ്ങളിൽ ഉച്ച സമയത്ത | അദ്ധ്യാപകർ | |

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- | --- |
| | | കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | | | |
| 7. | വിവിധ ശേഷികളുടെ വികസനം | ● ദിനാചരണം:<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്.ആർ.ജിയിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു | ആവശ്യാനുസരണം | എസ്.ആർ.ജി. | |

വിദ്യാലയത്തിന്റെ പേര് : നടുവട്ടം വി.എച്ച്.എസ്.എസ്.

വിദ്യാഭ്യാസ ഉപജില്ല : ഹരിപ്പാട്

അധ്യായന വർഷം : 2025-26

അക്കാദമിക മാസ്റ്റർ പ്ലാൻ : **സോഷ്യൽ സയൻസ് (യു.പി.)**

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | പഠിതാക്കളെ ചരിത്ര അവബോധം ഉള്ളവരാക്കുക. ചരിത്ര ബോധനത്തിൽ നിന്നും ഭാവി രൂപ്പപ്പെടുത്തുക | ● വിർച്ച്വൽ ഫീൽഡ് ട്രിപ്പ്:<br>ഐ.സി.ടി. സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുക | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | |
| 2. | ജനാധിപത്യത്തിന്റെ പ്രാധാന്യം, പൗരബോധം മൂല്യബോധം ഇവ വളർത്തുക | ● ഒന്നായി നമ്മൾ:<br>മോക്ക് പാർലമെന്റ്, സ്കൂൾ പാർലമെന്റ്, പൗരബോധം, സാമൂഹിക സേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു | അക്കാദമിക വർഷത്തിലെ പ്രത്യേകം തെരഞ്ഞെടു ദിനങ്ങൾ | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | |
| | | ● വിദ്യാലയത്തിൽ നിന്ന് സമൂഹത്തിലേക്ക്:<br>ഗ്രാമ സഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കൾക്കൊപ്പം പങ്കെടുത്ത് ജനാധിപത്യ | അക്കാദമിക വർഷത്തിലെ പ്രത്യേകം | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | |

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| | | രീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു | തെരഞ്ഞെടു ദിനങ്ങൾ | | |
| 3. | ഭൂപടവായന കുട്ടികളിൽ വളർത്തുക, സ്ഥലനിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരുത്തുക | ● നിറയുന്ന ഭൂപടം:<br>ഓരോ ദിവസത്തേയും പത്രത്തിൽ നിന്നും രാജ്യത്തെപ്പറ്റിയും നമ്മുടെ സംസ്ഥാനത്തെ പ്പറ്റിയും ഉള്ള ഒരു പ്രധാന വാർത്ത ഭൂപട ത്തിൽ ആ വാർത്തയുമായി ബന്ധപ്പെട്ട സ്ഥലത്ത് എഴുതി ഒട്ടിക്കുന്നു | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | |
| 4. | പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്ത നങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാ ക്കുന്നു | ● ദുരന്തമുഖത്തേക്ക്:<br>ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങൾ ICT സാധ്യത ഉപയോഗിച്ച് കാണി ക്കുന്നതിലൂടെ പ്രകൃതി ദുരന്തങ്ങളുടെ ഭീകര തയെപ്പറ്റി മനസ്സിലാക്കുകയും Fireforce ഉദ്യോ ഗസ്ഥരുടെ സഹായത്തോടെ demonstration class സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തന ങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാ്ന്മാരാക്കുക | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | |

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 5. | സുസ്ഥിര വികസന കാഴ്ച പ്പാട് രൂപപ്പെടുത്തുന്നു | ● സർവ്വേ:<br>പരിസ്ഥിതി ശോഷണത്തിന് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, ജലാശയങ്ങൾ, കാടുകൾ സന്ദർ ശിച്ച് Survey Report തയ്യാറാക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | |

വിദ്യാലയത്തിന്റെ പേര് : നടുവട്ടം വി.എച്ച്.എസ്.എസ്.

വിദ്യാഭ്യാസ ഉപജില്ല : ഹരിപ്പാട്

അദ്ധ്യായന വർഷം : 2025-26

അക്കാദമിക മാസ്റ്റർ പ്ലാൻ : **അടിസ്ഥാനശാസ്ത്രം (യു.പി.)**

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | ജീവിതസാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | ● പരീക്ഷണക്കളരി: നിത്യജീവിതത്തിൽ പരിചിതമായ വസ്തുകൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്രക്ലാസ്സുകൾ ആരംഭിക്കുന്നു. പരീക്ഷണക്കുറിപ്പുകൾ ശാസ്ത്രപുസ്തകത്തിൽ രേഖപ്പെടുത്തുന്നു | ജൂൺ മുതൽ | ശാസ്ത്ര അദ്ധ്യാപകർ സയൻസ് ക്ലബ് | |
| | | ● കണ്ടറിയാനൊരു യാത്ര: കാവുകൾ സന്ദർശനം, പുഴയെ അറിയാൻ യാത്രകൾ, വിവിധ സസ്യങ്ങളെ പരിചയപ്പെടുക | അക്കാദമിക വർഷം | ശാസ്ത്ര അദ്ധ്യാപകർ സയൻസ് ക്ലബ് | രക്ഷിതാക്കൾ |
| 2. | ശാസ്ത്രമേളകളിൽ പൂർണ്ണപങ്കാളിത്തം ഉറപ്പുവരുത്തൽ | ● മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ | വർഷത്തിൽ 3 മാസം | സയൻസ് ക്ലബ് | സയൻസ് ക്ലബ് |

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 3. | ശാസ്ത്ര ലാബിനെ കാലാനു സൃതമായി നവീകരിക്കുക | ● ശാസ്ത്ര പരീക്ഷണങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം സജ്ജീകരിക്കൽ | ജനുവരി മുതൽ ഒരു മാസം | സയൻസ് അദ്ധ്യാപകർ | |
| 4. | പഠന പിന്നാക്കാവസ്ഥയിലുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | ● അദ്ധ്യാപകൻ-കുട്ടി, കുട്ടി-കുട്ടി (peer group) എന്നിങ്ങനെ 2 തലത്തിൽ പരിശീലനം | ആഴ്ചയിൽ 7 ദിവസം ഉച്ച സമയം | S.R.G. സയൻസ് അദ്ധ്യാപകർ | |
| 5. | ശാസ്ത്രപ്രക്രിയാശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കയും ശാസ്ത്രാദിരുചി വർദ്ധിപ്പി ക്കുക | ● മാസ്റ്റർ മൈന്റ്:<br>ഊർജ്ജ ക്ലബ്, ആരോഗ്യ ക്ലബ്, ശാസ്ത്ര ക്ലബ് എന്നിവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജ്കടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകൻ, ഊർജ്ജ് ക്ലബ്, സയൻസ് ക്ലബ്, ഹെൽത്ത് ക്ലബ് | |
| | | ● ശാസ്ത്രവിസ്മയ ചുമർ:<br>ശാസ്ത്രപാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസ്സിലും നിർമ്മി ക്കുന്നു | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകൻ, | |

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 6. | ശാസ്ത്ര മാസിക, ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | • യുറേക്കാ<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പി ക്കുന്നതിനായി ക്ലാസ്സുകളിൽ ശാസ്ത്ര മാസി കകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി<br><br>• കുട്ടികളിൽ ശാസ്ത്രാദിരുപി വർദ്ധിപ്പിക്കുന്ന തിന് സ്കൂൾ തല സയൻസ് എശ്സിബിഷൻ<br><br>• കുട്ടികൾ തയാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ, ലേഖനങ്ങൾ, കവിതകൾ തുട ങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്രമാസിക, ശാസ്ത്രപതിപ്പ് എന്നിവ തയ്യാറാക്കജശ | അക്കാദമിക വർഷം<br><br>വർഷത്തിൽ ഒരു തവണ<br><br>വർഷത്തിൽ ഒരു തവണ | ശാസ്ത്ര അധ്യാപകൻ,<br><br>സയൻസ് ക്ലബ്<br><br>S.R.G. സയൻസ് അദ്ധ്യാപകർ | |

വിദ്യാലയത്തിന്റെ പേര് : നടുവട്ടം വി.എച്ച്.എസ്.എസ്.

വിദ്യാഭ്യാസ ഉപജില്ല : ഹരിപ്പാട്

അദ്ധ്യായന വർഷം : 2025-26

അക്കാദമിക മാസ്റ്റർ പ്ലാൻ : **ആരോഗ്യ-കായിക വിദ്യാഭ്യാസം (യു.പി.)**

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | ആരോഗ്യകായിക വിദ്യാഭ്യാസം | • മുഴുവൻ കുട്ടികളുടേയും ശാരീരിക അളവുകൾ (പ്രായം, തൂക്കം, പൊക്കം) ആരോഗ്യ സ്ഥിതി എന്നിവ പരിശോധിച്ച് രേഖപ്പെടുത്തുകയും അത് കൃത്യമായ ഇടവേളകളിൽ വേണ്ടവിധത്തിൽ പുരോഗമിക്കുന്നുണ്ടോ എന്ന് വിലയിരുത്തുകയും അവർക്ക് വേണ്ട നിർദ്ദേശം നൽകുകയും ചെയ്യുന്നു | ജൂൺ മുതൽ ആഗസ്റ്റ് വരെ | കായിക അധ്യാപകർ, ക്ലാസ്സ് ലീഡേഴ്സ്, മറ്റ് അധ്യാപകർ | ഘട്ടം ഘട്ടമായി മാത്രമേ ഈ പദ്ധതി പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളു |
| 2. | വ്യത്യസ്ത കായിക ഇനങ്ങളിൽ പരിശീലനം | • വിവിധ കായിക ഇനങ്ങളിൽ പങ്കെടുക്കാൻ താൽപര്യമുള്ള കുട്ടികൾക്ക് അത്‌ലറ്റിക്സ്, ഫുട്ബോൾ, ക്രിക്കറ്റ്, വടംവലി, കബഡി, ടെന്നിക്കൊയ്റ്റ്, ആട്യ-പാട്യ, നെറ്റ്ബോൾ, ബോക്സിങ് തുടങ്ങിയ കായിക ഇനങ്ങളിൽ സെലക്ഷൻ നടത്തി അതിൽ മികവ് തെളിയിക്കുന്ന കുട്ടികൾക്ക് പരിശീലനം നൽകുന്നു | സെപ്റ്റംബർ മുതൽ ഡിസംബർ വരെ | കായിക അധ്യാപകർ, | |

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 3. | ആരോഗ്യ കായിക വിദ്യാഭ്യാസം | • മുഴുവൻ കുട്ടികളേയും ഉൾപ്പെടുത്തി അവരുടെ ശാരീരിക ക്ഷമത വർദ്ധിപ്പിക്കുന്നതിനും, ഹൃദയശ്വസന ക്ഷമത വർദ്ധിപ്പിക്കുന്നതിനും വേണ്ടി എയ്റോബിക് പരിശീലനം | ജനുവരി മുതൽ ഫെബ്രുവരി വരെ | കായിക അധ്യാപകർ, ക്ലാസ്സ് ലീഡേഴ്സ്, മറ്റ് അധ്യാപകർ | |

വിദ്യാലയത്തിന്റെ പേര് : നടുവട്ടം വി.എച്ച്.എസ്.എസ്.

വിദ്യാഭ്യാസ ഉപജില്ല : ഹരിപ്പാട്

അദ്ധ്യായന വർഷം : 2025-26

അക്കാദമിക മാസ്റ്റർ പ്ലാൻ : **സംസ്കൃതം (യു.പി.)**

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം<br><br>യു.പി. തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ | ● ഭാഷ ജ്ഞാനം<br>അക്ഷരം എഴുത്ത്<br>ചിഹ്നം ഉറപ്പിക്കൽ<br>അക്ഷര കാർഡ്<br>വാക്കുകൾ എഴുതിയ കാർഡ്<br>ക്ലാസിൽ അക്ഷരമാല പ്രദർശനം<br>അക്ഷരമാല കളികൾ<br>അക്ഷരമരം നിർമ്മിക്കൽ<br>കാർട്ടൂൺ പ്രദർശനം<br>പാട്ടുകളും കഥകളും കേൾപ്പിക്കുക | ജൂൺ - ആഗസ്റ്റ് | അക്ഷര ചാർട്ട്<br>പാഠപുസ്തകം<br>ICT | PTA<br>റിസോഴ്സ് അധ്യാപിക |
| | | ● പറയാം പഠിക്കാം<br>ചിത്രങ്ങളുടെ പേര് പറയൽ<br>ചിത്രകഥകൾ | ജൂൺ - ജൂലൈ | സംസ്കൃത കഥാപുസ്തകം<br>ICT | റിസോഴ്സ് അധ്യാപിക |

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| | | ലഘു സംഭാഷണങ്ങൾ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃതപദങ്ങൾ | | | |
| 2. | വീട് ഒരു പരീക്ഷണശാല (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക) | • വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം | സെപ്റ്റംബർ - ഒക്ടോബർ | സംസ്കൃതം നിഘണ്ടു | |
| 3. | വായനാലോകം (കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ) | • തിരഞ്ഞെടുത്ത ലളിതമായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക<br>• ഓരോ സംസ്കൃതം പീരിയഡിലും ആദ്യത്തെ അഞ്ച് മിനിറ്റിൽ ഒരു കുട്ടി ഒരു പുസ്തക ത്തിന്റെ പേജ് ഉറക്കെ വായിക്കുക<br>• വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക | 6 മാസം | ക്ലാസ് ലൈബ്രറി | റിസോഴ്സ് അധ്യാപിക |

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| | | • കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ അസംബ്ലിയിൽ അനുമോദിക്കുക | | | |
| 4. | കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃതഭാഷാ പഠന നേട്ടങ്ങൾ | • ക്ലബ് രൂപീകരണം<br>• പഠനോപകരണ നിർമ്മാണം<br>• കലണ്ടർ നിർമ്മാണം<br>• ഗൃഹ സന്ദർശനം<br>• പഠനയാത്ര | ജൂൺ - മാർച്ച് | ചാർട്ട് ചിത്രം | റിസോഴ്സ് അധ്യാപിക |
| 5. | <u>ആസ്വാദന ലോകം</u><br>ഓരോ കുട്ടിയുടെയും ആസ്വാദനശേഷി വർദ്ധിപ്പിക്കുവാനും സഭാകമ്പം നിവാരണം ചെയ്യാനുംവേണ്ടി | • നാടകം കൂത്ത് തുടങ്ങിയവയുടെ വീഡിയോ കാണുന്നതിന് അവസരം നൽകുന്നു<br>• ഞാനും പറയാനും കഴിവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് അവസരം നൽകൽ<br>• മാസത്തിൽ ഒരുതവണ ആസ്വാദനസഭ ചേരുന്നു<br>• ഒരിക്കൽ അവതരിപ്പിച്ച കുട്ടി അടുത്ത സഭയിൽ ആസ്വാദകൻ ആകണം | 5 മാസം | സംസ്കൃതം ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക |

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 6. | പ്രത്യേകം പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ | • പ്രത്യേകം പരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു<br>• പ്രത്യേകം ക്ലാസുകൾ നൽകുന്നു<br>• ഗൃഹസന്ദർശനം നടത്തുന്നു | ജൂൺ - മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക |
| 7. | ക്ലാസ് റൂം ആകർഷകം ആക്കുന്നതിന് | • പെയിന്റിംഗ്<br>• ലൈബ്രറി ഒരുക്കുന്നു<br>• സൗകര്യപ്രദമായ ഇരിപ്പിടം ഒരുക്കുന്നു | | | |

# ഹൈസ്കൂൾ വിഭാഗം

വിദ്യാലയത്തിന്റെ പേര് : നടുവട്ടം വി.എച്ച്.എസ്.എസ്.

വിദ്യാഭ്യാസ ഉപജില്ല : ഹരിപ്പാട്

അദ്ധ്യായന വർഷം : 2025-26

അക്കാദമിക മാസ്റ്റർ പ്ലാൻ : **മലയാളം (ഹൈസ്കൂൾ)**

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | ● പ്രീ ടെസ്റ്റ്, അക്ഷരം ഉറപ്പിക്കൽ, വാക്കുകൾ നിർമ്മിക്കൽ, വാക്യനിർമ്മാണം, ചിത്ര - അടിക്കുറിപ്പ്, ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്സ് | അധ്യയന വർഷം | അധ്യാപകൻ | PTA അധ്യാപകൻ |
| 2. | എഴുത്തുകൂട്ടം (സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരം ഒരുക്കൽ, വായനസാമഗ്രികളുടെ നിർമ്മാണം) | ● കഥയരങ്ങ്, കവിയരങ്ങ്, രചനാശിൽപ്പശാല എന്നിവ സംഘടിപ്പിക്കൽ, രൂപപ്പെടുന്ന ഉത്പ്പന്നങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കാൻ | രണ്ടു മാസത്തിൽ ഒരു പ്രാവശ്യം | വിദ്യാരംഗം കലാസാഹിത്യ വേദി | വിദ്യാരംഗം ക്ലബ് |
| 3. | സർഗ്ഗസല്ലാപം (ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവ് നേടുക) | ● പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലെത്തിക്കൽ, അവരുടെ വായന, എഴുത്ത് അനുഭവങ്ങൾ, കുട്ടികളും ആയി പങ്കുവയ്ക്കൽ | വർഷത്തിൽ ഒരുപ്രാവശ്യം | വിദ്യാരംഗം കലാസാഹിത്യ വേദി | വിദ്യാരംഗം ക്ലബ് |

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 4. | നാടകക്കളരി (ഒരു സാഹിത്യരൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റൽ) | ● മാറിയ പാഠപുസ്തകങ്ങളിലെ പാഠഭാഗവുമായി ബന്ധപ്പെട്ട നാടകാവിഷ്ക്കാരം | പ്രതിമാസ പരിപാടി | കുട്ടികൾ | PTA അധ്യാപകൻ |
| 5. | കുട്ടിയെ മികച്ച വായന ക്കാരനാക്കുക | ● ക്ലാസ്സ് ലൈബ്രറി രൂപീകരിക്കൽ, സ്കൂൾ ലൈബ്രറി രൂപീകരിക്കൽ | 6 മാസം | അധ്യാപകർ രക്ഷിതാക്കൾ | വായനാ ക്ലബ് |
| 6. | പത്രവായന പരിപോഷിപ്പിക്കുക | ● പത്രവായന - പരമാവധി പത്രങ്ങൾ ലഭ്യമാക്കൽ | | | |
| 7. | എല്ലാ കുട്ടികളും ആശയം ഗ്രഹിച്ച് അർത്ഥം പൂർണമായി വായിക്കുന്നു എന്ന് ഉറപ്പു വരുത്തുക | ● വായന മത്സരം, പത്രവായന, പുസ്തക വായന, ഒരു കുട്ടി ഒരു പുസ്തകം - സംഭാവന | അക്കാദമിക വർഷം | മലയാളം അദ്ധ്യാപകർ | അധ്യാപകർ |
| 8. | സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തനാക്കുക | ● പ്രസംഗ പരിശീലന കളരി, വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക, മികച്ച പ്രസംഗങ്ങളുടെ ഓഡിയോ - വീഡിയോ കേൾപ്പിക്കുക, അസംബ്ലിയിൽ പ്രസംഗം അവതരിപ്പിക്കുക | 6 മാസം | അധ്യാപകൻ പ്രാസംഗികൻ | വിദ്യാരംഗം കലാസാഹിത്യ വേദി |

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 9. | സാഹിത്യ പഠനയാത്ര | • മാതൃഭാഷയും സംസ്കാരവുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ സന്ദർശിക്കുക, അവയുടെ പ്രാധാന്യവും പ്രസക്തിയും അനുഭവിച്ചറിയുക | വർഷത്തിൽ ഒരു പ്രാവശ്യം | അധ്യാപകർ | രക്ഷിതാക്കൾ, അധ്യാപകർ |

വിദ്യാലയത്തിന്റെ പേര് : നടുവട്ടം വി.എച്ച്.എസ്.എസ്.

വിദ്യാഭ്യാസ ഉപജില്ല : ഹരിപ്പാട്

അദ്ധ്യായന വർഷം : 2025-26

അക്കാദമിക മാസ്റ്റർ പ്ലാൻ : **ഹിന്ദി (ഹൈസ്കൂൾ)**

പൊതുവായ ലക്ഷ്യങ്ങൾ:

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക
- ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ ഓരോ കുട്ടിക്കും ലഭിച്ചു എന്ന് ഉറപ്പാക്കുക
- ഹിന്ദി ഭാഷാപഠനവും ലളിതവും രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ഹിന്ദി ഭാഷാപഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാപഠനവും ദേശസ്നേഹവും വളർത്തിയെടുക്കുക.
- ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുക

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു, ഉച്ചാരണം പരിചയപ്പെടുത്തുന്നു, അക്ഷരങ്ങൾ എഴുതാനു വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു | • അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു<br>• അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു<br>• ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു | ഹ്രസ്വം<br>ജൂൺ, ജൂലൈ | അധ്യാപകൻ<br>PTA | PTA |

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 2. | ആഴ്ചയുടെ എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു | • ക്ലാസിലെ ഓരോ കുട്ടിയുടേയും ജനന തീയതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. | മധ്യം ആഗസ്റ്റ്, സെപ്റ്റംബർ | അധ്യാപകൻ | അധ്യാപകൻ |
| 3. | ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു. വായന പരിശീലനത്തിനു അധിക പ്രാധാന്യം നൽകുക. കാർട്ടൂൺ, ചിത്രങ്ങൾ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുക | • കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു, ചിത്രകഥ, കാർട്ടൂൺ ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു. | മധ്യം ഡിസംബർ, ജനുവരി | അധ്യാപകൻ | PTA |
| 4. | **IXth Standard**<br>ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽക്കുന്നു | • വർക്ക് ഷീറ്റ് നൽകുന്നു, ചിത്രങ്ങളടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു | ഹ്രസ്വം ജൂൺ, ജൂലൈ | അധ്യാപകൻ | PTA |

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 5. | നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസിലാക്കുന്നു, വാക്യഘടന പരിചയപ്പെടുത്തുന്നു, ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുന്നു | ● ചാർട്ടുകൾ നൽകുന്നു അതിൽനിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു, കവിത, കഥ പൂരിപ്പിക്കുവാൻ നൽകുന്നു, സൈൻബോർഡുകൾ എഴുതി പ്രദർശിപ്പിക്കുന്നു | മധ്യം ആഗസ്റ്റ്, സെപ്റ്റംബർ | അധ്യാപകൻ | BRC |
| 6. | പോസ്റ്റർ തയ്യാറാക്കുവാനറിയുന്നു, കവിത വായിച്ച് ആസ്വാദനകുറിപ്പ് തയ്യാറാക്കുവാനറിയുന്നു | ● പോസ്റ്ററിന്റെ മോഡൽ നൽകുന്നു, വിവിധ വിഷയങ്ങൾ നൽകുന്നു, ക്ലാസിൽ പ്രദർശിപ്പിച്ച് മൂല്യനിർണയം നടത്തുന്നു, ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദന കുറിപ്പ് ക്ലാസിൽ അവതരിപ്പിക്കുവാൻ പറയുന്നു | ദീർഘം നവംബർ ഡിസംബർ | അധ്യാപകൻ | അധ്യാപകൻ |
| | **Xth Standard** | | | | |
| 7. | കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യങ്ങളോടെ ഭാഷാവസ്തകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു | ● നാടകം വേദിയിൽ അവതരിപ്പിക്കുന്നു, സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു | ഹ്രസ്വം ജൂൺ, ജൂലൈ | ഹിന്ദി ക്ലബ് | BRC |

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 8. | സാഹിത്യാഭിരുചി വളർത്തുക, ഹിന്ദി വാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു, കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു | • പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുക | മധ്യം ആഗസ്റ്റ്, സെപ്റ്റംബർ | ഹിന്ദി ക്ലബ് | BRC |
| 9. | ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു, കഥയെ തിരക്കഥയായി മാറ്റുവാനറിയുന്നു, സ്വഭാവ സവിശേഷതകളിന്മേൽ കുറിപ്പ് തയ്യാറാക്കുവാനറിയുന്നു, ഡയറി എഴുതുവാനറിയുന്നു | • പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു, കഥാപാത്രങ്ങളെ ആസ്പദമാക്കി ചരിത്രകുറുപ്പ് തയ്യാറാക്കുവാൻ പറയുന്നു, എല്ലാ ദിവസവും ഡയറി എഴുതുവാനുള്ള നിർദ്ദേശം നൽകുന്നു | ദീർഘം നവംബർ ഡിസംബർ | അധ്യാപകൻ | അധ്യാപകൻ |

Name of the Institution : Naduvattom V.H.S.S.

Educational Sub-district : Haripad

Academic Year : 2025-26

Academic Masterplan : **English (High School)**

| Sl. No. | Aims / Objectives | Activities | Duration Short / Long | Duty / Responsibility | Economical Support |
|---|---|---|---|---|---|
| 1. | Enable the students to speak fluently in English | • Spoken English class; English Library setting; English corner story time; Exhibition of English cartoon; English Assembly Anchoring | Vacation / Holidays | Teachers PTA | Management PTA |
| 2. | Visualisation in English | • Conduct film shows to enable students to prepare script for film, documentary, short film and profile | Alongwith classroom activities | Teachers SRG | English club management |
| | | • Role play, observation of English day, seminar, choreography | Academic year | English Teacher | PTA English club |
| 3. | Enable students for independent reading and creative writing | • Word card, sentence card, word pyramid | Classroom activities | Teachers SRG | English club |

| Sl. No. | Aims / Objectives | Activities | Duration Short / Long | Duty / Responsibility | Economical Support |
|---|---|---|---|---|---|
| 4. | Role play skit / Drama | • English assembly, skit, puppet show, role play | Classroom activities | Teachers | PTA<br>Parents |
| 5. | Poem Writing<br>Recitation | • Listen to audio clips of poems by famous poets. Conduct competition in poetry writing, recitation and appreciation. Conduct book reviews | Classroom activities<br>Vacation / Holidays | SRG<br>PTA<br>Teachers | English club<br>Management<br>PTA |
| 6. | Use ICT facilities in English language acquisition | • Conduct English fest, Film Festival. Conduct interviews, video conferencing | Once in an academic year | English club<br>Teachers | PTA<br>SRG<br>Management |
| 7. | Conduct debates | • Interviewing native speakers, preparing questionnaire for interviews, Debates based on lessons | Vacation<br>Classroom activities | English teachers<br>PTA<br>SRG | PTA<br>English club |

വിദ്യാലയത്തിന്റെ പേര് : നടുവട്ടം വി.എച്ച്.എസ്.എസ്.

വിദ്യാഭ്യാസ ഉപജില്ല : ഹരിപ്പാട്

അദ്ധ്യായന വർഷം : 2025-26

അക്കാദമിക മാസ്റ്റർ പ്ലാൻ : **ഗണിതം (ഹൈസ്കൂൾ)**

ഗണിതാശയങ്ങൾ കുട്ടികളിൽ ഉറപ്പിക്കുന്നതിനും, ഗണിത ചിന്തകൾ വളർത്തിയെടുക്കുന്നതിനും, അടിസ്ഥാനശേഷി നേടിയെടുക്കുന്നതിനും, സ്കൂൾ കഴിഞ്ഞാലുള്ള ഗണിത സന്ദർഭങ്ങളെ പരിചയപ്പെടുത്തുന്നതിനുമായി നാലു പ്രോജക്ടുകൾ നിർദ്ദേശിച്ചിരിക്കുന്നു. ഇവയുടെ സുഗമമായ നടത്തിപ്പിനായി ജൂൺ മാസത്തിലെ ആദ്യ ആഴ്ചതന്നെ മുൻകൂട്ടി തയ്യാറാക്കിയ ചോദ്യങ്ങൾ ഉപയോഗിച്ച് നടത്തുന്ന മൂല്യനിർണ്ണയത്തിലൂടെ താഴെപ്പറയുന്ന ഗ്രൂപ്പുകളായി തരംതിരിക്കുന്നു:

ഗ്രൂപ്പ് 1 – ഗണിതത്തിൽ അടിസ്ഥാന ക്രിയാശേഷി നേടിയിട്ടില്ലാത്തവർ.

ഗ്രൂപ്പ് 2 – അടിസ്ഥാന ക്രിയാശേഷി നേടിയിട്ടുണ്ടെങ്കിലും ഗണിതാശയം ഉപയോഗിച്ച് പ്രശ്നനിർധാരണം ചെയ്യുന്നതിൽ പ്രാവീണ്യമില്ലാത്തവർ

ഗ്രൂപ്പ് 3 – ഗണിതാശയധാരണയുള്ളവർ, ഗണിതത്തിൽ മികച്ച നിലവാരമുള്ളവർ

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | <u>അക്ഷരം:</u><br>ഗണിതത്തിൽ അടിസ്ഥാനശേഷി കൈവരിക്കൽ<br>ഗ്രൂപ്പ് 1<br>8, 9 ക്ലാസ്സിൽ | • 8, 9 ക്ലാസ്സിൽ നിന്നും തെരഞ്ഞെടുത്ത ഗ്രൂപ്പ് 1 കുട്ടികൾക്കായി അടിസ്ഥാന ക്രിയകളിൽ പ്രാവീണ്യം ഉണ്ടാക്കുന്നു. ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള കമ്പ്യൂട്ടർ ഗെയിം / പസിലുകൾ ഇവ ഉപയോഗിക്കുന്നു. എല്ലാ ദിവസവും വൈകുന്നേരം 1 മണിക്കൂർ | രണ്ടുമാസം<br>ജൂൺ<br>ജൂലൈ | ഗണിതശാസ്ത്ര കൗൺസിൽ | PTA |

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 2. | ഗണിത ആശയങ്ങൾ ഉറപ്പിക്കൽ<br>8, 9, 10 ക്ലാസ്സിലെ ഗ്രൂപ്പ് 1, ഗ്രൂപ്പ് 2 കുട്ടികൾ | ● ആഴ്ചയിൽ 2 പിരീഡ് ഓരോ ക്ലാസ്സിലും ഗണിതാധ്യാപകന്റെയും ക്ലാസിലെ ഗ്രൂപ്പ് 1 കുട്ടികളുടെയും നേതൃത്വത്തിൽ ആശയരൂപീകരണത്തിനായി മാതൃകകൾ നിർമ്മിക്കുന്നു. Geogebra software സഹായത്താൽ ഗണിതാശയങ്ങൾ maths game-puzzles - geometrical chart - model നിർമ്മാണം, ഗണിത ക്വിസ് എന്നീ പ്രവർത്തനങ്ങളിലൂടെ ആശയങ്ങൾ ഉറപ്പിക്കൽ | വാർഷികം | ഗണിത അധ്യാപകൻ | PTA |
| 3. | <u>ശ്രദ്ധ:</u><br>ഗണിത ചിന്തകൾ വളർത്തിയെടുക്കുന്നതിനും, അവ ആഴത്തിൽ മനസ്സിലാക്കുന്നതിനും<br>8, 9, 10 ക്ലാസ്സിലെ ഗ്രൂപ്പ് 3 വിഭാഗം | ● 8, 9, 10 ക്ലാസ്സിലെ ഗ്രൂപ്പ് 3 വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ദിവസവും ക്ലാസ്സ് പാഠഭാഗവുമായി ബന്ധപ്പെട്ട് ഉയർന്ന നിലവാരമുള്ള ചോദ്യങ്ങളെ പരിചയപ്പെടുത്തൽ, ഗണിത പ്രോജക്ടുകൾ തയ്യാറാക്കൽ, ഗണിതശാസ്ത്ര മേളയിലേക്കുള്ള തയ്യാറെടുപ്പുകൾ, maths ഒളിമ്പ്യാഡിനെ പരിചയപ്പെടൽ, വിദഗ്ദ്ധ ക്ലാസ്സുകൾ | വാർഷികം | സ്കൂൾ ഗണിതശാസ്ത്ര ക്ലബ് | സ്കൂൾ വികസന സമിതി |
| 4. | <u>ധ്വനി</u><br>മത്സര പരീക്ഷകളിലെ ഗണിതം<br>9, 10 ഗ്രൂപ്പ് 3 പൂർവ്വ വിദ്യാർത്ഥി | ● എല്ലാ മാസത്തിലെയും ആദ്യത്തെയും മൂന്നാമത്തെയും ശനിയാഴ്ച രാവിലെ 9.30 മുതൽ 12.30 വരെയുള്ള സമയം വിവിധ മത്സരപരീക്ഷകൾക്ക് | വാർഷികം | സ്കൂൾ ഗണിതശാസ്ത്ര ക്ലബ് | പൂർവ്വ വിദ്യാർത്ഥി സംഘം |

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| | കൾ | തയ്യാറെടുക്കുന്നവർക്കായി ഗണിത പ്രശ്നങ്ങൾ ചർച്ചചെയ്യുന്നു. വിദഗ്ദ്ധരുടെ ക്ലാസ്സ്. 'മത്സര പരീക്ഷകളിലെ ഗണിതം' എന്ന വിഷയത്തിൽ ഊന്നി ക്ലാസ്സുകൾ | | | |

വിദ്യാലയത്തിന്റെ പേര് : നടുവട്ടം വി.എച്ച്.എസ്.എസ്.

വിദ്യാഭ്യാസ ഉപജില്ല : ഹരിപ്പാട്

അദ്ധ്യായന വർഷം : 2025-26

അക്കാദമിക മാസ്റ്റർ പ്ലാൻ : **സാമൂഹ്യശാസ്ത്രം (ഹൈസ്കൂൾ)**

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക. ചരിത്രബോധ ത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക | ● കാടും മേടും:<br>ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു<br><br>● വയൽകിളികൾ:<br>സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മോഡ്യൂലുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം മുഴുവ നുമായി നട ത്തുന്നു; നിശ്ചയിച്ച തീയതികളിൽ | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | |
| 2. | ജനാധിപത്യം ഒരു ജീവിതശൈ ലിയാക്കി എടുക്കുക. പൗര ബോധം, മൂല്യബോധം ഇവ വളർത്തുക | ● ഒന്നായി നമ്മൾ:<br>സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം, സാമൂഹ്യസേവനം ഇവയ്ക്കാ യുള്ള പ്രവർത്തനം നടത്തുന്നു | അക്കാദമിക വർഷത്തിലെ പ്രത്യേകം തിര ഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | സ്കൂൾ, കുട്ടികൾ, സുമനസുകൾ |

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 3. | സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക | • സ്റ്റാർട്ട് അപ്പ്:<br>സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുക, ആകാശകാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു | വർഷം മുഴുവൻ | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | PTA മാനേജ്മെന്റ് |
| 4. | മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക. സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുക | • ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ:<br>സർവ്വെ പ്രോജക്ട്, ചർച്ചകൾ, സംവാദം, ക്ലാസ്സുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 5. | ഭൂപടവായന കുട്ടികളിൽ വളർത്തുക, സ്ഥലനിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം വൈരിക്കുക | • പട്ടുപാതയിലൂടെ:<br>ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു. ഭൂപടവായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കുന്നു, അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു | വർഷം മുഴുവൻ | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | |

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 6. | കുട്ടികളിൽ ഉന്നതനിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക | ● മൈ സിനിമ റൂം: സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതു വിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസ്സുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽക്കുക, വീഡിയോ പ്രദർശനം, പ്രോജക്ട് റൂം etc. (ചരിത്ര സിനിമ പ്രദർശനം) | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | |
| 7. | വ്യത്യസ്ത ഇനം മണ്ണിനെക്കു റിച്ചും, ജലാശയങ്ങളെക്കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വ തങ്ങൾ ഇവയെല്ലാം പരിചയ പ്പെടുക എന്ന ലക്ഷ്യം | ● ചരിത്രകൊട്ടാരം: വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബു കളിലൂടെ ക്രമീകരണം കണ്ടും കേട്ടും, തൊട്ട റിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അദ്ധ്യാപകർ | |

വിദ്യാലയത്തിന്റെ പേര് : നടുവട്ടം വി.എച്ച്.എസ്.എസ്.

വിദ്യാഭ്യാസ ഉപജില്ല : ഹരിപ്പാട്

അദ്ധ്യായന വർഷം : 2025-26

അക്കാദമിക മാസ്റ്റർ പ്ലാൻ : **ഫിസിക്കൽ സയൻസ് (ഹൈസ്കൂൾ)**

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | കുട്ടികളിൽ ശാസ്ത്രാഭിമുഖ്യം വളർത്തുന്നതിനായി ലാബ് നവീകരണം പരീക്ഷണ നിരീക്ഷണം | ● വിഷയാടിസ്ഥാനത്തിൽ ലാബിലെ ഉപകരണങ്ങൾ തരിതിരിക്കൽ, ഓരോ പാഠഭാഗവും ആസ്പദമാക്കിയുള്ള പരീക്ഷണ സജ്ജീകരണം | അക്കാദമിക വർഷം | ഫിസിക്കൽ സയൻസ് അധ്യാപകർ | PTA മാനേജ്മെന്റ് |
| 2. | ശാസ്ത്രശിൽപശാല സംഘടിപ്പിക്കൽ | ● നിത്യജീവിതത്തിൽ ഉപയോഗപ്രദമായ ഉൽപന്നങ്ങളുടെ നിർമ്മാണത്തിനുള്ള നൈപുണ്യം വളർത്തുന്നു | ആഗസ്റ്റ് സെപ്റ്റംബർ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ് |
| 3. | ശാസ്ത്ര മനോഭാവം വളർത്തുക | ● ശാസ്ത്രദിനാചരണങ്ങൾ, ശാസ്ത്ര പ്രതിഭകൾ കണ്ടുപിടിത്തങ്ങൾ, നൂതന ശാസ്ത്രസാങ്കേതിക വിദ്യകൾ എന്നിവയെക്കുറിച്ച് കുട്ടികളിൽ അവബോധം വളർത്തുക | അക്കാദമിക വർഷം | സയൻസ് ക്ലബ് ഫിസിക്കൽ സയൻസ് അധ്യാപകർ | സ്കൂൾ |

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 4. | ശാസ്ത്ര രചനകൾ പ്രോത്സാഹിപ്പിക്കൽ | ● ക്ലാസ്സുകളിൽ സെമിനാർ പേപ്പർ അവതരിപ്പിച്ച് മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു | അക്കാദമിക വർഷം ഒരു തവണ | ഫിസിക്കൽ സയൻസ് അധ്യാപകർ | സയൻസ് ക്ലബ് |
| 5. | ശാസ്ത്ര ഉപകരണങ്ങൾ നിർമ്മിക്കൽ | ● പാഠഭാഗവുമായി ബന്ധപ്പെട്ട ശാസ്ത്ര ഉപകര ണങ്ങൾ നിർമ്മിച്ച് അത് സ്കൂളിലും ശാസ്ത്ര മേളകളിലും പ്രദർശിപ്പിക്കാനുള്ള അവസരം | ഒക്ടോബർ നവംബർ | ഫിസിക്കൽ സയൻസ് അധ്യാപകർ | സയൻസ് ക്ലബ് |
| 6. | ശാസ്ത്ര പഠനയാത്രകൾ സംഘടിപ്പിക്കൽ | ● കുട്ടികളെ ശാസ്ത്രാന്വേഷികളാക്കുവാൻ പഠനവിനോദയാത്രകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം ഒരു തവണ | സയൻസ് ക്ലബ് ഫിസിക്കൽ സയൻസ് അധ്യാപകർ | സയൻസ് ക്ലബ് |
| 7. | നൂതന ആശയങ്ങൾ ഉൾപ്പെടു ത്തുക | ● വിലയിരുത്തൽ, ശാസ്ത്രപഠനം എന്നിവയ്ക്ക് ഐ.ടി. സാധ്യത പ്രയോജനപ്പെടുത്തുക | അക്കാദമിക വർഷം | ഫിസിക്കൽ സയൻസ് അധ്യാപകർ | PTA മാനേജ്മെന്റ് |

വിദ്യാലയത്തിന്റെ പേര് : നടുവട്ടം വി.എച്ച്.എസ്.എസ്.

വിദ്യാഭ്യാസ ഉപജില്ല : ഹരിപ്പാട്

അധ്യായന വർഷം : 2025-26

അക്കാദമിക മാസ്റ്റർ പ്ലാൻ : **ജീവശാസ്ത്രം (ഹൈസ്കൂൾ)**

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | പരിസ്ഥിതി അവബോധം സൃഷ്ടിക്കാൻ കൃഷിയോടുള്ള താൽപര്യം വർദ്ധിപ്പിക്കൽ | ● ജൂൺ 5 – ലോക പരിസ്ഥിതി ദിനം<br>1 മരം നടൽ<br>2 കൃഷിക്ക് തുടക്കമിടുന്നു<br>3 മാലിന്യമുക്ത സ്കൂൾ കംപോസ്റ്റ് | 3 മാസം | അധ്യാപകൻ | PTA<br>സയൻസ് ക്ലബ് |
| 2. | രക്ത ഗ്രൂപ്പ് പഠനം; രക്തദാനത്തിന്റെ പ്രാധാന്യം | ● ജൂൺ 14 – രക്തദാന ദിനം<br>ആരോഗ്യവകുപ്പധികൃതരുടെ സഹായത്തോടെ കുട്ടികളുടെ രക്തഗ്രൂപ്പ് പരിശോധിക്കുന്നു. കുട്ടികൾതന്നെ blood smear തയ്യാറാക്കി മൈക്രോസ്കോപ്പിലൂടെ രക്തഗ്രൂപ്പ് നിർണയം നടത്തുന്നു. ഒരേ രക്തഗ്രൂപ്പുള്ള കുട്ടികളെ പട്ടികപ്പെടുത്തുന്നു. കുട്ടികൾ രക്ത ഗ്രൂപ്പുകളെ കുറിച്ചും രക്തദാനത്തിന്റെ പ്രാധാന്യവും മനസിലാക്കുന്നു.<br>Poster competition | ഒരു ദിവസം | അധ്യാപകൻ | സ്കൂൾ |

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 3. | ലഹരി ബോധവൽക്കരണം | ● Excise department ലെ ഉദ്യോഗസ്ഥരുടെ ക്ലാസ് ബോധവൽക്കരണം<br>● ജീവിതമാണ് ലഹരി - പാഠ്യേതരപ്രവർത്തനങ്ങളിലൂടെ ലഹരിയിൽ നിന്നും കുട്ടികളുടെ ശ്രദ്ധ അകറ്റാം<br>● ക്ലാസ് തല slide presentation ലഹരി ഉപയോഗം സൃഷ്ടിക്കുന്ന പ്രശ്നങ്ങളും പ്രശ്നപരിഹാര മാർഗ്ഗങ്ങളും | മാസത്തിൽ ഒരിക്കൽ ജൂൺ 26 ന് തുടക്കം | അധ്യാപകൻ | PTA മാനേജ്മെന്റ് |
| 4. | ജനസംഖ്യവർദ്ധനവ് ബോധവൽക്കരണം | ● ജൂലൈ 11 - ലോകജനസംഖ്യാദിനം<br>1 ജനസംഖ്യാവർദ്ധനവ് - ഗുണവും ദോഷവും debate<br>2 ജനസംഖ്യാവർദ്ധനവും ജീവിതനിലവാരം ഇടപ്പെടലും - സെമിനാർ<br>3 ക്വിസ് | ജൂലൈ 11 | അധ്യാപകൻ | സ്കൂൾ |
| 5. | | ● ജൂലൈ 21 - ചാന്ദ്രദിനാഘോഷം<br>1 ചാന്ദ്രയാത്രികരുടെ costume ധരിച്ച് ക്ലാസ് തല presentation interview<br>2 ചാന്ദ്രപതിപ്പ് നിർമാണം - ക്ലാസ് തലം - സ്കൂൾ തലം | ജൂലൈ 21 | അധ്യാപകൻ | സ്കൂൾ |

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| | | 3 ക്വിസ് | | | |
| 6. | കൊതുകുജന്യ മഴക്കാല രോഗങ്ങൾ ബോധവൽക്കരണം | ● ആഗസ്റ്റ് 20 - Mosquito day<br>1 ആരോഗ്യവകുപ്പ് ജീനക്കാരുടെ ക്ലാസ്<br>2 Dry day ആചരിക്കൽ – ഒരു ഓർമ്മിപ്പിക്കൽ ദിനം<br>3 കൊതുകു ജന്യരോഗങ്ങൾ – slide presentation | ജൂൺ ആദ്യ വാരവും ആഗസ്റ്റ് 20-27 | അധ്യാപകൻ | PTA സയൻസ് ക്ലബ് |
| 7. | കണ്ണ് – പഠനം ദാനം സംരക്ഷണം | 1 ആഗസ്റ്റ് 25 – സെപ്റ്റംബർ 8 എല്ലാ ക്ലാസിലും കണ്ണിന്റെ ഘടന, പ്രവർത്ത നങ്ങൾ ഉൾക്കൊള്ളുന്ന slide presentation<br>2 പോസ്റ്റർ നിർമ്മാണം<br>3 ക്വിസ് | 2 ആഴ്ച | അധ്യാപകൻ | |
| 8. | ഭക്ഷണത്തിലെ പോഷകഘടകങ്ങളും ഉപാപചയത്തിൽ അവരുടെ പങ്കും | ● സെപ്റ്റംബർ 7 – പോഷണവാരാഘോഷം<br>1 പോഷണ ക്വിസ് – ക്ലാസ്തലം, സ്കൂൾതലം<br>2 സെപ്റ്റംബർ 7 ന് ഒരു ഭക്ഷ്യമേള നടത്തുന്നു അല്ലെങ്കിൽ പാചകമത്സരം<br>3 കൗമാരപോഷണം – വേണ്ടതും വേണ്ടാത്ത തും – സെമിനാർ | ഒരാഴ്ച ഒക്ടോബർ 7 - 15 | അധ്യാപകൻ | സ്കൂൾ |

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- | --- |
| 9. | ഓസോൺ പാളിയെക്കുറിച്ചും അതിന്റെ പ്രാധാന്യത്തെക്കുറിച്ചും ബോധവൽക്കരണം | ● സെപ്റ്റംബർ 10 – ലോക ഓസോൺ ദിനം<br>1 ഓസോൺ ദിന ക്വിസ്<br>2 പോസ്റ്റർ നിർമ്മാണം<br>3 ഓസോൺ – ഭൂമിക്കൊരു കുട സെമിനാർ അവതരണം കുട്ടികൾ | ഒരാഴ്ച | അധ്യാപകൻ | സയൻസ് ക്ലബ് |
| 10. | ശാസ്ത്രത്തിന്റെ കണ്ടെത്തലുകൾ മാനവരാശിക്ക് ഗുണകരമാക്കാം, ആക്കണം എന്ന സന്ദേശം പ്രചരിപ്പിക്കൽ | ● നവംബർ 10 – അന്താരാഷ്ട്ര ശാസ്ത്രദിനം<br>1 ശാസ്ത്രപരീക്ഷണങ്ങൾ – ക്ലാസ് തലം<br>2 സെമിനാർ | | അധ്യാപകൻ | സയൻസ് ക്ലബ് |
| 11. | Aids ബോധവൽക്കരണം | ● ഡിസംബർ 1 – ലോക എയ്ഡ്സ് ദിനം<br>1 എയ്ഡ്സസ് – അറിയേണ്ടതെല്ലാം slide presentation<br>2 റാലി | ഒരു ദിവസം | അധ്യാപകൻ | സയൻസ് ക്ലബ് |
| 12. | മലിനീകരണം തടയാനുള്ള / ചെയ്യാതിരിക്കാനുള്ള പ്രവണത വളർത്തൽ | ● ഡിസംബർ 2 – National Pollution Prevention Day<br>1 പോസ്റ്റർ നിർമ്മാണ മത്സരം<br>2 മലിനമായ ജലസ്രോതസ്സുകൾ വൃത്തിയാക്കൽ | ഒരു ദിവസം | അധ്യാപകൻ | സയൻസ് ക്ലബ് |

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- | --- |
| 13. | കുഷ്ഠത്തെ അറിയുക | ● ജനുവരി 30 – Anti Leprosy Day<br>1 കുഷ്ഠം – അറിയേണ്ടതെല്ലാം<br>2 ക്ലാസ് – by ഡോക്ടർ | ഒരു ദിവസം | അധ്യാപകൻ | സയൻസ് ക്ലബ് |

വിദ്യാലയത്തിന്റെ പേര് : നടുവട്ടം വി.എച്ച്.എസ്.എസ്.

വിദ്യാഭ്യാസ ഉപജില്ല : ഹരിപ്പാട്

അദ്ധ്യായന വർഷം : 2025-26

അക്കാദമിക മാസ്റ്റർ പ്ലാൻ : **ഐ.ടി. (ഹൈസ്കൂൾ)**

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. | വിവിധ വിഷയങ്ങളുമായി ബന്ധപ്പട്ട പഠനപ്രവർത്തനങ്ങൾ ചർച്ച രീതിയിൽ ICT സഹായ ത്തോടെ പൂർത്തിയാക്കാൻ അദ്ധ്യാപകരെ പ്രാപ്തരാക്കുക | ● സ്കൂൾ അദ്ധ്യാപക പരിശീലനങ്ങൾ സംഘടിപ്പിക്കുക. ഓരോ കാലഘട്ടത്തിലും മാറിവരുന്ന സോഫ്റ്റവെയറുകൾ ICT ഉപകരണങ്ങൾ എന്നിവ അദ്ധ്യാപകർക്ക് പരിചയപ്പെടുത്തുകയും അതുവഴി പഠനപ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്യുന്നു | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അദ്ധ്യാപകർ | |
| 2. | വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠനവിഭവങ്ങൾ തയ്യാറാക്കുന്നതിലൂടെ പഠന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുക | ● ICT പഠന വിഭവങ്ങൾ സ്കൂൾ തലത്തിൽ തയ്യാറാക്കുക. ഇതിനായി സ്കൂൾ തലത്തിൽ ICT ശിൽപ്പശാലകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അദ്ധ്യാപകർ | |

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 3. | ഓരോ കാലഘട്ടത്തിലും സാങ്കേതിക വിദ്യകൾ നൂതനമാക്കുന്നതോടൊപ്പം ദുരുപയോഗം നടക്കുന്നു. ഇത്തരം ദുരുപയോഗങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ഓരോ കാലഘട്ടത്തിലും ബോധവൽക്കരിക്കുക | ● സൈബർ ദുരുപയോഗങ്ങൾക്കെതിരെയുള്ള ബോധവൽക്കരണം.<br>● മാറിവരുന്ന സാങ്കേതിക വിദ്യകളെക്കുറിച്ച് ഓരോ കാലഘട്ടത്തിലും രക്ഷിതാക്കളെയും വിദ്യാർത്ഥികളെയും ബോധവൽക്കരിക്കുന്നതിനാവശ്യമായ ക്ലാസുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | സൈബർ സെൽ, ചൈൽഡ് ലൈൻ | |
| 4. | സ്മാർട്ട് ക്ലാസ്റൂം ഫലപ്രദമായ രീതിയിൽ ഉപയോഗിക്കുക | ● വിഷയാധിഷ്ഠിതമായി ICT ഉപയോഗിച്ചു കൊണ്ട് ക്ലാസ്റൂം സജീവമാക്കുന്നു | അക്കാദമിക വർഷം | ഐ.ടി. അധ്യാപകൻ | |